# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 577 — 29-06-2015-ൽ മറുപടിക്ക്

## വ്യാവസായ പദ്ധതികളിലെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. സാജു പോൾ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്തെ ബജറ്റുകളിൽ പ്രഖ്യാപിച്ച വ്യവസായ പദ്ധതികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കഴിഞ്ഞ നാലു വർഷത്തെ ബജറ്റുകളിൽ വ്യവസായ വകുപ്പിനു കീഴിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഒരോ വർഷവും നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ; | (ബി) കഴിഞ്ഞ നാലു വർഷത്തെ ബജറ്റുകളിൽ പ്രഖ്യാപിച്ചവയിൽ വ്യവസായ വകുപ്പിനു കീഴിൽ വരുന്ന പദ്ധതികളിൽ നടപ്പിലാക്കിയിട്ടില്ലാത്ത പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കഴിഞ്ഞ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിലൂടെ ലക്ഷ്യമിട്ട നേട്ടങ്ങളെന്തെന്നും പദ്ധതി പ്രാവർത്തികമാകാത്തതിന്റെ ഫലമായുണ്ടായ നഷ്ടങ്ങൾ എന്തെന്നും കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (സി) കേരളത്തിൽ ചെറുകിട-ഇടത്തര-വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തെ നിക്ഷേപ സൗഹൃദപരമാക്കുക, കേരളത്തിന്റെ നിക്ഷേപ സാധ്യതകൾ പുറംലോകത്തിനു മുന്നിൽ കാട്ടികൊടുക്കുക, നവസംരംഭകരെ പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളിലും, യുവാക്കളിലും സംരംഭകത്വ ആശയം പ്രോത്സാഹിപ്പിക്കുകയും അവർക്ക് വ്യവസായ മേഖലയിലേക്ക് കടന്നുവരാനുള്ള പശ്ചാത്തലമൊരുക്കുകയും ചെയ്യുക, നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട് / പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യം വികസിപ്പിക്കുക, വ്യവസായ മേഖലയിൽ അടിസ്ഥാന പശ്ചാത്തല സൗകര്യ മൊരുക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൈത്തറി പരമ്പരാഗത മേഖലയിലെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുക, ആഗോള തലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും, അനാരോഗ്യകരമായ ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത |

മത്സരത്തേയും വർദ്ധിച്ച ഉത്പാദന ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ പൊതുമേഖലാസ്ഥാപനങ്ങളിൽ മികവുറ്റ ഉത്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെ ആവശ്യമായ ധന സഹായവും നൽകി സ്ഥാപനങ്ങളുടെ പുരോഗതി നേടിയെടുക്കുക, ഹരിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക വഴി വ്യവസായ മലിനീകരണം നിയന്ത്രിക്കുക, എന്നിവയാണ് സർക്കാർ വിവിധ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

നിലവിലുണ്ടായിരുന്ന സാമ്പത്തിക പ്രതിസന്ധി കാരണവും ചില സാങ്കേതിക കാരണങ്ങളാലും സർക്കാർ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എമർജിംഗ് കേരള 2012 സംഘടിപ്പിച്ചു.
- യുവമനസ്സുകളിൽ സംരംഭക സ്വഭാവ രൂപീകരണം നടത്തുന്നതിനുദ്ദേശിച്ച് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ യുവസംരംഭകത്വ ഉച്ചകോടി സംഘടിപ്പിക്കുകയുണ്ടായി.
- ആയുർവേദ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി 2014 ഫെബ്രുവരി 20 മുതൽ 24 വരെ കൊച്ചിയിൽ ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവെൽ നടത്തുകയുണ്ടായി.
- കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്, നാളികേര പാർക്ക്, പെട്രോകെമിക്കൽ പാർക്ക്, ഓർഗാനിക് ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
- കൈത്തറി മേഖലയിൽ പുതിയ നെയ്ത്തുകാർക്ക് പരിശീലനം നൽകുന്നതിനും, നെയ്ത്തുകാർക്ക് നൈപുണ്യം

വർദ്ധിപ്പിച്ച് ഉപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉത്പന്നങ്ങളുടെ വിപണി സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

- കിൻഫ്രയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഫിലിം & വീഡിയോ പാർക്ക്, പാലക്കാട് ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക്, കിൻഫ്ര വ്യവസായ പാർക്കുകളിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം, ഇടുക്കി ജില്ലയിൽ രാജകുമാരിയിൽ റൂറൽ അപ്പാരൽ പാർക്ക്, പിറവന്തൂർ കിൻഫ്ര വ്യവസായ പാർക്ക്, കണ്ണൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെകനോളജി എന്നിവയുടെ നിർമ്മാണം പൂർത്തിയായി.
- കശുവണ്ടി മേഖലയിൽ കശുവണ്ടി പരിപ്പിൽ നിന്നും കൂടുതൽ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം ഈ സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.
- നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട് / പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യം വികസിപ്പിച്ചു.
- നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ (പ്രാവർത്തിക വ്യവസായ എസ്റ്റേറ്റുകൾ) നവീകരിച്ചു.
- വാണിജ്യ വികസനത്തിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു.
- കരകൗശല മേഖലയിലുൾപ്പെട്ട വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം നൽകി.

സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാകാത്തതു കാരണം ഗണ്യമായ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കരുതുന്നില്ല.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**2012-2013**

- പശ്ചാത്തല സൗകര്യ വികസനത്തിനായി വ്യവസായ എസ്റ്റേറ്റുകൾ നവീകരിക്കുന്ന പദ്ധതി (2 കോടി രൂപ).
- പുതിയ എസ്റ്റേറ്റുകൾക്കായി പഞ്ചായത്തുമായി സഹകരിച്ച് PPP വ്യവസ്ഥയിൽ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കാനും വികസിപ്പിക്കുവാനുമുള്ള പദ്ധതി (2 കോടി രൂപ).
- വ്യവസായ സഹകരണ സംഘങ്ങൾക്കായി 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു ആയതും ചെലവഴിച്ചിട്ടില്ല.

**2013-2014**

- കെൽപാമിനുള്ള പ്രത്യേക സാമ്പത്തിക സഹായമായ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിന് അനുവദിച്ച 50 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല.
- വ്യവസായ സഹകരണ സംഘങ്ങൾക്കായി 6 ലക്ഷം രൂപ, 10 ലക്ഷം രൂപ എന്നിവ വകയിരുത്തിയതും ചെലവഴിച്ചിട്ടില്ല.

**2014-2015**

- വ്യവസായ പാർക്കുകൾക്കായി സ്ഥലം ഏറ്റെടുക്കൽ (1 കോടി രൂപ).
- നിലവിലുള്ള ഡെവലപ്മെന്റ് പ്ളോട്ട് പ്രദേശങ്ങളുടെ നവീകരണം (MSE-CDP) (5 കോടി രൂപ).
- പശ്ചാത്തല സൗകര്യ വികസനം - ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മാണം (15 കോടി രൂപ).
- യുവജനങ്ങൾക്കായുള്ള മൂലധന സഹായം (5 കോടി രൂപ).
- പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ധനസഹായം (2 കോടി രൂപ).
- എറണാകുളത്ത് അന്താരാഷ്ട്ര ഫർണീച്ചർ ഹബ്ബ് (5 കോടി രൂപ).
- കെൽപാമിനുള്ള പ്രത്യേക സാമ്പത്തിക സഹായമായി ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിന് അനുവദിച്ച 50 ലക്ഷം രൂപയിൽ 40 ലക്ഷം രൂപ സറണ്ടർ ചെയ്യുകയുണ്ടായി.
- കരകൗശല / അർട്ടിസാൻ മേഖലയിലെ വ്യവസായ സംരംഭകർക്കുള്ള സഹായം (60 ലക്ഷം രൂപ).

## കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്

**2012-2013**

- ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം.

- സമഗ്ര കൈത്തറി വികസന പദ്ധതി - കൈത്തറി സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ (ഹാന്റക്സും ഹാൻവീവും).

**2013-2014**

- ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള യന്ത്രത്തറി സംഘങ്ങളുടെ നവീകരണവും വിപണന സഹായവും (കെൽടെക്സ്).
- ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം.
- സമഗ്ര കൈത്തറി വികസന പദ്ധതി.

**2014-2015**

- കൈത്തറി വ്യവസായത്തിന്റെ വിശദമായ കണക്കെടുപ്പ്.
- സമഗ്ര കൈത്തറി വികസന പദ്ധതി.

**കിൻഫ്ര**

**2011-2012**

- മെഗാ ഫുഡ് പാർക്ക്, വയനാട്.
- നോൺ കൺവെൻഷണൽ എനർജി പാർക്ക്, പാലക്കാട്.
- കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, കുറ്റിപ്പുറം - SDF ബിൽഡിംഗിന്റെ നിർമ്മാണം.
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡിലേക്കുള്ള ജലവിതരണ പദ്ധതി (കേന്ദ്ര സർക്കാരിന്റെ ASIDE സ്കീമിൽ ഉൾപ്പെട്ടത്).
- ഫിഷ് ലാന്റിംഗ് സെന്റർ, ചാലിയം, കോഴിക്കോട്.

**2012-2013**

- നോളഡ്ജ് സിറ്റീസ് കോഴിക്കോട് & തൃശ്ശൂർ

**2013-2014**

- ലാന്റ് ബാങ്ക്
- ബിസിനസ് പാർക്ക്, കൊല്ലം
- സ്മോൾ ഇൻഡസ്ട്രീസ് പാർക്ക്, ഉദുമ, കാസർഗോഡ്
- ട്രേഡ് & കൺവെൻഷൻ സെന്റർ, കൊച്ചി.

**2014-2015**

- ഇക്കോ ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്.

സെക്ഷൻ ഓഫീസർ